# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 30/08/ 2019

## ബാങ്കുകളിലേയും സഹകരണ ധനകാര്യസ്ഥാപനങ്ങളിലേയും ഓണാവധിക്കാല സുരക്ഷ സംബന്ധിച്ച് പോലീസ് മീറ്റിംഗ്

ഓണക്കാല അവധിയോടനുബന്ധിച്ച് ജില്ലയിലെ ബാങ്കുകൾക്കും സഹകരണ ധനകാര്യ സ്ഥാപനങ്ങൾക്കും സുരക്ഷ സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജില്ലാ



പോലീസ് മീറ്റിംഗ് സംഘടിപ്പിച്ചു. കൊല്ലം ജില്ലാ ബാങ്ക് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന യോഗം കൊല്ലം സിറ്റി, റൂറൽ പോലീസ് സംയുക്തമായാണ് സംഘടിപ്പിച്ചത്. തുടർച്ചയായ അവധി ദിനങ്ങൾ ഉണ്ടായ സാഹചര്യത്തിൽ സുരക്ഷാ സംവിധാനത്തെ സംബന്ധിച്ച് കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ ഹരിശങ്കർ ഐപിഎസ് നിർദ്ദേശങ്ങൾ നൽകി. വാണിജ്യബാങ്കുകളുടേയും സഹകരണ ധനകാര്യ സ്ഥാപനങ്ങളുടേയും ജില്ലയിലെ എല്ലാ അധികാരികളും യോഗത്തിൽ പങ്കെടുത്തു. സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി അവധിക്കാലദിനങ്ങളിൽ ജില്ലയിലെ ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജില്ലയിൽ പോലീസ്പ്രത്യേകം പട്രോളിംഗ് ഏർപ്പെടുത്തുമെന്ന് റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ ഹരിശങ്കർ ഐപിഎസ് അറിയിച്ചു. ജില്ലയിലെ മുഴുവൻ ധനകാര്യ സ്ഥാപനങ്ങളേയും പ്രത്യേകം ക്ലസ്റ്ററുകളായി തിരിച്ചാണ് പോലീസ് പട്രോളിംഗ് സംവിധാനം ഏർപ്പെടുത്തുന്നത്. യോഗത്തിൽ ജില്ലാ സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർ അബ്ദുൽ ഗഫാർ, കൊല്ലം ലീഡ് ബാങ്കായ ഇൻഡ്യൻ ബാങ്ക് മാനേജർ, റീന, കൊല്ലം റൂറൽ സ്പെഷ്യൽ ബ്രാഞ്ച് ഡിവൈഎസ്പി ബി. വിനോദ്, കൊല്ലം ഡിസിആർബി എസിപി എം അനിൽകുമാർ, കൊല്ലം എസിപി പ്രദീപ്കുമാർ, കരുനാഗപ്പള്ളി എസിപി വിദ്യാധരൻ, ധനകാര്യ സ്ഥാപനങ്ങളിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്തു.